# പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിന് ഒരു തിരുത്ത്

(തുടർച്ച)

തോംസൺ കെ. അലക്സ്

## എന്താണ് ഹരിത സാമ്പത്തികശാസ്ത്രം

**മനുഷ്യൻ** പ്രകൃതിയുടെ ഭാഗം മാത്രമാണെന്നും, ഭൂമിയിൽ കാണപ്പെടുന്ന എല്ലാ ജൈവ-അജൈവ ഘടകങ്ങളും പരസ്പരബന്ധിതമാണെന്നുമുള്ള താത്വികവാദമാണ് ഹരിതസാമ്പത്തികശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത്. നിശ്ചിത സ്ഥലപരിധിക്കുള്ളിൽ ഒന്നിനും അനന്തമായി വികസിക്കാൻ കഴിയില്ല എന്നും, നിശ്ചിതവിഭവങ്ങളിൽനിന്ന് അനന്തമായി ഒന്നും ഉപയോഗിക്കാൻ കഴിയില്ല എന്നുംകൂടി ഹരിതസാമ്പത്തികശാസ്ത്രം ഓർമ്മിപ്പിക്കുന്നു. നിയോക്ലാസിക്കൽ/ഇൻസ്റ്റിറ്റ്യൂഷനൽ സാമ്പത്തികശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന മനുഷ്യകേന്ദ്രീകൃത പാരിസ്ഥിതിക പഠനങ്ങളെ നിഷേധിക്കാൻ ഹരിതസാമ്പത്തികശാസ്ത്രത്തിനാവുന്നുണ്ട്. കാരണം ഉല്പാദനഘടകം എന്നതിലുപരി പ്രകൃതിയെ ഒരു സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക മൂലധനമായി ഹരിതസമ്പദ്ശാസ്ത്രം വിലയിരുത്തുന്നു. സ്വതന്ത്ര കമ്പോളത്തിലും, ക്രമീകൃത സമ്പദ്ഘടനയിലും പരിസ്ഥിതി പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കണ്ടെത്താൻ പരമ്പരാഗത സാമ്പത്തികശാസ്ത്ര വീക്ഷണത്തിനു കഴിഞ്ഞില്ല. ഇവ വ്യവസായ സംരംഭകനെ കൂടുതൽ അവസരങ്ങൾ കണ്ടെത്തുന്നതിനും അവയെ വികസിപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക വളർച്ച നേടുന്നതിനുമാണ് പ്രേരിപ്പിക്കുന്നത്. ഹരിത സാമ്പത്തികശാസ്ത്രം ഇത്തരം അനിയന്ത്രിത വികാസത്തെ എതിർക്കുകയും പകരം നിയന്ത്രിതവും സാമൂഹിക-രാഷ്ട്രീയ-പാരിസ്ഥിതിക-സാംസ്കാരിക ചോദനകൾക്ക് നിരക്കുന്ന ഒരു അനുശാസിത കമ്പോളത്തെയാണ് നിർദ്ദേശിക്കുന്നത്.

എന്തുല്പാദിപ്പിക്കണം? എങ്ങനെ ഉത്പാദിപ്പിക്കണം? ആർക്കുവേണ്ടി ഉല്പാദിപ്പിക്കണം? എന്നീ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾക്ക് ഉല്പാദകന്റെയും ഉപഭോക്താവിന്റെയും കമ്പോളശക്തികളുടെ യുക്തി, കാര്യക്ഷമത തുടങ്ങിയ മാനുഷിക ചോദനകളെയും അടിസ്ഥാനമാക്കിയാണ് മുഖ്യധാരാ സാമ്പത്തികശാസ്ത്രം ഉത്തരം നൽകുന്നത്. അവ ഒരിക്കലും പരിസ്ഥിതിയുടെ ആരോഗ്യകരമായ നിലനിൽപ്പിന് ഉതകുന്നതുമല്ല. മറിച്ച് ഉല്പാദകനും, ഉപഭോക്താവും, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ ബോധമുള്ള പൗരൻ എന്ന നിലയിൽ പരിസ്ഥിതിയെ സമീപിക്കുമ്പോൾ, പരിസ്ഥിതി പ്രശ്നങ്ങൾക്കും ഉല്പാദന വിതരണ സംവിധാനങ്ങളിലെ അസമത്വങ്ങൾക്കും ഉത്തരം കിട്ടും. ഇത്തരത്തി

**ഉപഭോക്താവിന്റെ ആവശ്യം ഇന്നതെന്ന് നിശ്ചയിക്കുന്നത് ഉൽപാദകനാണ്. അതിനനുസരിച്ച് ഉപഭോക്താവിന്റെ ജീവിതശൈലിയെ മാറ്റിയെടുത്ത് ഉൽപ്പന്നം വിപണിയിലെത്തിക്കുകയാണ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ കമ്പോളത്തിൽ ഉപഭോക്താവിന്റെ സ്ഥാനം ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.**





ലുള്ള സചേതന ജൈവ പ്രകൃതിയാണ് ഹരിതസാമ്പത്തികശാസ്ത്രത്തിന്റെ പ്രവർത്തനതലം. അവിടെ പരിസ്ഥിതിവാദികളും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും സ്ത്രീവാദ പ്രസ്ഥാനങ്ങളും അടിസ്ഥാന ജനവിഭാഗങ്ങളും വികസനത്തിന്റെ പേരിൽ പാർശ്വവത്കരിക്കപ്പെട്ടവരും അതിജീവനത്തിനായി പോരാടുന്ന ജനവിഭാഗങ്ങളും ഒക്കെച്ചേർന്ന് ഒരുക്കുന്ന ഒരു സൈദ്ധാന്തിക-പ്രത്യയശാസ്ത്രപരമായ അടിത്തറ ഹരിതസാമ്പത്തികശാസ്ത്രത്തിനുണ്ട്.

ഹരിതസാമ്പത്തികശാസ്ത്രം ഒരു ആത്മീയതാവാദവുമാണ്. മനുഷ്യന്റെ പരിധികളില്ലാത്ത ആഗ്രഹങ്ങളെയല്ല മറിച്ച് നിയന്ത്രിതവും പരിധികളുള്ളതുമായ ശരിയായ ആവശ്യങ്ങളുടെ പൂരണമാണ് ഇത് അർത്ഥമാക്കുന്നത്. ഉപഭോക്താവിന്റെ എല്ലാ ആവശ്യങ്ങളും എങ്ങനെ നേടും എന്നതല്ല മറിച്ച് ഉപഭോക്താവിന്റെ ആവശ്യം നിലനിൽക്കുന്ന സാമൂഹ്യ-രാഷ്ട്രീയ-പാരിസ്ഥിതിക സാംസ്കാരികതലത്തിൽ നീതീകരിക്കാത്തതാണോ എന്നാണ് ഹരിതസാമ്പത്തികശാസ്ത്രം പരിശോധിക്കുന്നത്. അതുകൊണ്ടുതന്നെ, ആഗ്രഹങ്ങളാണ് മനുഷ്യദുഃഖങ്ങൾക്ക് ഹേതു എന്ന ബുദ്ധതത്വശാസ്ത്രം ഹരിതസമ്പദ്ശാസ്ത്രത്തിന് ശക്തമായ അടിത്തറ നൽകുന്നു. ചുരുക്കത്തിൽ ആവശ്യങ്ങൾക്ക് അതിർവരമ്പുകളുണ്ടാവുക എന്ന ആത്മീയവാദത്തിനാണ് പാരിസ്ഥിതികവും സാംസ്കാരികവും സാമൂഹ്യവുമായ ഹരിതസമ്പദ്ശാസ്ത്രാന്തരീക്ഷത്തിൽ സാധുകരണം മനുഷ്യന്റെ സന്തോഷവും സംതൃപ്തിയും നിർണ്ണയിക്കപ്പെടുന്നത് അവൻ അധിവസിക്കുന്ന പരിസ്ഥിതിയെയും ആവശ്യങ്ങളുടെ പൂരണത്തെയും അടിസ്ഥാനമാക്കിയാണ്. പരിസ്ഥിതിയുടെ നിലനിൽപ്പിന് അനുകൂലമായി ആവശ്യങ്ങളെ നിർവചിക്കുമ്പോൾ അവയ്ക്ക് അനുകൂലമായി ആവശ്യങ്ങളെ നിർവചിക്കുമ്പോൾ അവയ്ക്ക് അതിർവരമ്പുകൾ ഉണ്ടാവുകയും അത് ആരോഗ്യകരമായ സാമൂഹിക-സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സമ്പദ്ഘടനയെ ശക്തമാക്കുകയും ചെയ്യും. അതുകൊണ്ടാണ് Gross National Happiness (GNH), Happy Plannet Index (HPI) തുടങ്ങിയ സാമ്പത്തിക സൂചകങ്ങൾ കൂടുതൽ ചർച്ചാവിഷയമാവുന്നത്. ഇവ ഹരിത സാമ്പത്തികശാസ്ത്രത്തിന്റെ സാംഗത്യത്തെ കൂടുതൽ ശക്തമാക്കുന്നു. GNH സൂചകം വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് ബുദ്ധമത രാജ്യമായ ഭൂട്ടാനാണ്. ഭൂട്ടാൻ രാജാവായ ജിഗ്മേ സിംഗ്യേ വാംഗ്ചുക് ആണ്. Gross National Happiness എന്ന ആശയം മുന്നോട്ടുവെച്ചത്. **സാമ്പത്തിക സ്വയം പര്യാപ്തത, മലിനീകരിക്കപ്പെടാത്ത പ്രകൃതി, ഭൂട്ടാന്റെ തനതു സാംസ്കാരിക പൈതൃതം, ആശയാവിഷ്കാര സ്വാതന്ത്ര്യമുള്ള ജനാധിപത്യം എന്നീ നാലു ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് ഇപ്പോൾ ഭൂട്ടാൻ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുന്നത്.**

ആരോഗ്യകരമായ പാരിസ്ഥിതിക ബന്ധങ്ങളുടെയും സുസ്ഥിര വികസന സങ്കല്പങ്ങളെയും അടിസ്ഥാനമാക്കിയാണ് Happy Plannet Index രൂപപ്പെടുന്നത്. ഈ സൂചകത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ വികസിത രാജ്യങ്ങൾ എല്ലാംതന്നെ ഏറ്റവും പിന്നിലാണ്. സൈപ്രസ് ദ്വീപുകളാണ് ഈ സൂചകം അനുസരിച്ച് ഏറ്റവും ശരിയായ സാമൂഹ്യ-രാഷ്ട്രീയ-പാരിസ്ഥിതികബന്ധം കാത്തുപോരുന്നത്.

മേൽപ്പറഞ്ഞ പരിമാണയുക്തികൾക്കും ഉപാധികൾക്കും ഹരിതസാമ്പത്തികശാസ്ത്രത്തെ മുഖ്യധാരാ സാമ്പത്തികശാസ്ത്ര സങ്കൽപ്പങ്ങൾക്ക് മുകളിൽ പ്രതിഷ്ഠിക്കാനാവുമോ എന്ന് ചിന്തിക്കേണ്ടതുണ്ട്. ഉയരുന്ന ജീവിത നിലവാരം, പ്രതിശീർഷവരുമാനം എന്നിവയേക്കാൾ പരിസ്ഥിതിക്കനുസൃതമായ ജീവിത ശൈലികളും മൂല്യങ്ങളുമാണ് ഹരിതസാമ്പത്തികശാസ്ത്രത്തിന്റെ അടിത്തറ. ഇത്തരം ചർച്ചകൾക്ക് തുടക്കം കുറിച്ചത് Silent Spring (Rachel Carron), Small is Beautiful (E.F. Schumaker) One Straw Revolution (Masanobu Fukoovoko) തുടങ്ങിയ രചനകളും ആർണേനസ്, മുറേബുക്ചിൻ എന്നീ ചിന്തകരുടെ പരിസ്ഥിതി കേന്ദ്രീകൃത ചിന്താസരണികളുമാണ്. ചുരുക്കത്തിൽ ഹരിതസാമ്പത്തികശാസ്ത്രം ചർച്ച ചെയ്യുന്നത് മാനുഷിക ആവശ്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള സാമൂഹ്യ-പാരിസ്ഥിതിക-സാമ്പത്തിക പ്രശ്ന നിർദ്ധാരണമാണ്. ഇവിടെ പ്രകൃതിയാണ് ആവശ്യങ്ങളെ നിശ്ചയിക്കുന്നത്. സാമ്പത്തികശാസ്ത്രം മനുഷ്യന്റെ ജീവിത നിലവാര ഉന്നമനത്തെ ലക്ഷ്യമിടുമ്പോൾ,

ഹരിത സാമ്പത്തികശാസ്ത്രം പ്രകൃതിയുടെയും അവയിലെ ജൈവ-അജൈവ ഘടകങ്ങളുടെ നിലനിൽപ്പിനേയും ഉന്നമനത്തെയും ഭാവിയെയും ലക്ഷ്യമിടുന്നു. അത്തരത്തിൽ കൂടുതൽ സങ്കീർണ്ണവും ബഹുതലവുമാണ് ഹരിതസാമ്പത്തികശാസ്ത്രത്തിന്റെ പ്രവർത്തനതലം. അതിൽ സാമ്പത്തിക വികസനവും മറ്റു പല ലക്ഷ്യങ്ങളിൽ ഒന്നുമാത്രമാണ്.

**ആഗോളീകരണവും ഹരിതസമ്പദ്ശാസ്ത്രവും**

ആഗോളീകരണ സമ്പദ്ക്രമത്തിൽ ഉല്പാദകനാണ് എന്തുൽപ്പാദിപ്പിക്കണം, എങ്ങനെ ഉൽപ്പാദിപ്പിക്കണം എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത്. ആർക്കുവേണ്ടി എത്ര മാത്രം ഉൽപ്പാദിപ്പിക്കണം എന്ന ചോദ്യം ആ കമ്പോളത്തിൽ നിരർത്ഥകമാണ്. പരസ്യകലയിലൂടെ ഈ ചോദ്യത്തെ അവർ മറികടക്കുന്നു. Cost minimisation നേക്കാൾ profit maximation എന്നതാണ് ഉൽപാദകന്റെ യുക്തി. കാരണം ഉയർന്ന വിലയിൽ കുത്തകകൾ കമ്പോളത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ശ്രമിക്കുന്നു എന്നതുതന്നെ. ചോദനമാണ് പ്രദാനത്തേക്കാൾ ശക്തമെന്ന് കരുതപ്പെടുന്ന മാത്സര്യകമ്പോളത്തിൽനിന്നും ആഗോളീകരണ കുത്തക കമ്പോളത്തിലേക്ക് കാര്യങ്ങൾ മാറ്റപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇവിടെ പ്രദാനമാണ് ചോദനത്തേക്കാൾ ശക്തം. ഉപഭോക്താവിന്റെ ആവശ്യം ഇന്നതെന്ന് നിശ്ചയിക്കുന്നത് ഉൽപാദകനാണ്. അതിനനുസരിച്ച് ഉപഭോക്താവിന്റെ ജീവിതശൈലിയെ മാറ്റിയെടുത്ത് ഉൽപ്പന്നം വിപണിയിലെത്തിക്കുകയാണ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ കമ്പോളത്തിൽ ഉപഭോക്താവിന്റെ സ്ഥാനം ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.



ഉൽപാദന ഘടകങ്ങളായ ഭൂമി, തൊഴിലാളി, മൂലധനം, സംഘാടനം, പ്രകൃതിവിഭവങ്ങൾ എന്നിവയിൽ മൂലധനവും സംഘാടനവും മാത്രമാണ് ഇന്ന് ചർച്ചാവിഷയം. മൂലധനനിക്ഷേപം വിദേശീയമെന്നോ സ്വദേശീയമെന്നോ അല്ലെങ്കിൽ സ്വകാര്യമെന്നോ പൊതുമേഖലയുടേതെന്നോ മാത്രമാണ് ഇവിടെ നമുക്ക് പ്രശ്നം. ഈ മൂലധനം തൊഴിൽ, ഭൂമി, പ്രകൃതിവിഭവങ്ങൾ എന്നിവ തമ്മിലുള്ള ബന്ധത്തെ എങ്ങനെ അസ്ഥിരമാക്കുന്നുവെന്നോ ചൂഷണം ചെയ്യുന്നുവെന്നോ ചർച്ച ചെയ്യപ്പെടാറില്ല. പകരം എത്രമാത്രം ജി.ഡി.പി. വളർച്ചയും ആളോഹരി വരുമാനവുമാണ് അത് സമ്പദ്ഘടനയിൽ സൃഷ്ടിക്കുക എന്നാണ് ഇവിടെ ചർച്ചാവിഷയം.

ആഗോളീകരണ സമ്പദ്ഘടനയിൽ ഉദാരീകരണ-സ്വകാര്യവത്കരണ-കച്ചവടവൽക്കരണ നയങ്ങൾക്കാണ് പ്രാമുഖ്യം. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സ്വകാര്യവൽകരിക്കുന്നതിലൂടെ മൂലധനനിക്ഷേപകൻ അതിന്റെ ചൂഷണത്തിലും ലാഭം കൂടുതൽ നേടുന്നതിലുമാണ് ശ്രദ്ധ വെയ്ക്കുന്നത്. സാമ്പത്തിക ശ്രേണിയിൽ ഉയർന്നവർക്കുവേണ്ടിയുള്ള ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുമ്പോൾ മാത്രമേ ലാഭം കൂടുതൽ നേടാൻ കഴിയൂ എന്നതുകൂടി ചേർത്തുവായിക്കുമ്പോൾ പ്രകൃതിവിഭവങ്ങളുടെ അസന്തുലിതവിതരണം ഒരു സാമൂഹ്യ-സാംസ്കാരിക-പാരിസ്ഥിതിക പ്രശ്നമായി മാറ്റപ്പെടുന്നു. ഇവിടെയാണ് ഹരിതസാമ്പത്തികശാസ്ത്രത്തിന്റെ പ്രസക്തി.

**പ്രകൃതി വിൽക്കാനുള്ളതല്ല എന്നും പ്രകൃതിവിഭവങ്ങളുടെ ഉടമസ്ഥാവകാശം അവയെ ആശ്രയിച്ചുജീവിക്കുന്ന ജനതയുടേതാണെന്നും ഹരിത സാമ്പത്തിക-രാഷ്ട്രീയ ചിന്തകർ പറയുന്നു.** പ്രകൃതിയെ രക്ഷിക്കൂ. ജീവൻ രക്ഷിക്കൂ, ജലം വിൽക്കാനുള്ളതല്ല, മണ്ണ് അധികാരചിഹ്നമാണ് തുടങ്ങിയ മുദ്രാവാക്യങ്ങൾ ഇത്തരത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളിൽനിന്നും ഉയർന്നു വന്നതാണ്. പുതിയ ഗ്രീൻ ലേബലുകൾക്കും, ഇക്കോമാർക്കുകൾക്കും, ഇക്കോഫ്രണ്ട്‌ലി ഉൽപന്നങ്ങൾക്കും ഈ മുദ്രാവാക്യങ്ങൾ ഉയർത്തുന്ന സാമൂഹ്യ-സാമ്പത്തിക-സുസ്ഥിര വികസന സങ്കൽപങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. വികസന പ്രക്രിയയിൽ ഇരയാക്കപ്പെട്ടവരുടെ ശബ്ദമായി ഹരിതസാമ്പത്തികശാസ്ത്രം മാറണം. കാരണം സ്വകാര്യ കുത്തകകൾക്ക് വിൽക്കുന്ന ജലത്തോടൊപ്പം, ഭൂമിയോടൊപ്പം പ്രകൃതിവിഭവങ്ങളോടൊപ്പം നാം തകർക്കുന്നത് അവയെ ആശ്രയിച്ചു കഴിയുന്ന ജനതയുടെ ജീവിക്കാനുള്ള അവകാശത്തെയാണ്. ഇന്ത്യൻ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലത്തിൽ ഭോപ്പാൽ വാതകദുരന്തത്തെയും, നർമ്മദാ അണക്കെട്ടിനെയും, ശിവനാഥ് നദിയുടെ സ്വകാര്യവൽക്കരണത്തെയും, തെഹ്രി അണക്കെട്ടിനെയും, പ്ലാച്ചിമട ജലപ്രശ്നത്തെയും, ജല സ്വകാര്യവൽക്കരണ ശ്രമങ്ങളെയും മറ്റു നിരവധി പാരിസ്ഥിതിക-സാമൂഹ്യപ്രശ്നങ്ങളെയും മുഖ്യധാര രാഷ്ട്രീയ-സാമ്പത്തിക ചർച്ചകളിലേക്ക് ഉയർത്തിക്കൊണ്ടുവന്നത് അടിസ്ഥാനപരമായി അവയുടെ ദുരന്തഫലങ്ങൾ അനുഭവിക്കുകയും പ്രകൃതിയെ അറിഞ്ഞു ജീവിക്കുകയും ചെയ്യുന്നവരിലൂടെയാണ്. ഹരിതസാമ്പത്തികശാസ്ത്രം ഇത്തരം പ്രശ്നങ്ങളെ എങ്ങനെ നിർദ്ധാരണം ചെയ്യും എന്നത് ഹരിതവാദികളുടെ മുന്നിലുള്ള സുപ്രധാന ചോദ്യമാണ്.

ആഗോളീകരണ ലോകത്തിൽ പ്രാദേശികമായി നിലനിൽക്കുക കഠിനമാണ് എന്ന തിരിച്ചറിവിനെ അതിലംഘിക്കാൻ ഹരിതസാമ്പത്തികശാസ്ത്രത്തിനാവുമോ? അങ്ങനെയെങ്കിൽ അത് ഒരു താത്വികമോ സൈദ്ധാന്തികമോ ആയ പഠന വിശകലനരീതി എന്നതിനപ്പുറം കൂടുതൽ പ്രത്യയശാസ്ത്രപരമായ നിലപാടുകൾ എടുക്കേണ്ടിയിരിക്കുന്നു. ഹരിതരാഷ്ട്രീയത്തോടൊപ്പം ഹരിതസമ്പദ്ശാസ്ത്രം തിരിച്ചറിയപ്പെടേണ്ടതും ഒരു സാമ്പത്തികശാസ്ത്രവീക്ഷണം എന്ന നിലയിൽ വികസനം, സാമ്പത്തികവളർച്ച, കമ്പോളം, ആഗോളീകരണം, സ്വകാര്യവൽക്കരണം, മൂലധനനിക്ഷേപം തുടങ്ങിയ പരമ്പരാഗത സാമ്പത്തികശാസ്ത്ര സംജ്ഞകളെ ശക്തമായി എഴുതിത്തള്ളി മറ്റൊരു സമഗ്ര ജൈവ-സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മുഖം സമ്പദ്ഘടനയ്ക്ക് നൽകാൻ തയ്യാറാവേണ്ടതുമാണ്.

*കൊച്ചിടിശേരിൽ വീട്, കരിക്കാട്ടൂർ പി.ഒ., കോട്ടയം*